"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ വിരമിച്ച കണ്ടിജന്റ് ജീവനക്കാരനായ ശ്രീ. ദേവസ്സി ടി.ആർ - ന് തൃശ്ശൂരിലുള്ള ദയ ജനറൽ ആശുപത്രി ആൻഡ് സ്പെഷ്യാലിറ്റി സർജിക്കൽ സെന്ററിൽ ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയക്ക് ചെലവായ തുക തൃശ്ശൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് അപേക്ഷകന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1089/2026/LSGD തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-

1. ശ്രീ. ദേവസ്സി ടി.ആർന്റെ 27/01/2021 തീയതിയിലെ അപേക്ഷ.
2. തൃശ്ശൂർ നഗരസഭയുടെ 23-12-2021ലെ 11 -ാം നമ്പർ കൗൺസിൽ തീരുമാനം.
3. നഗരകാര്യ ഡയറക്ടറുടെ 28/04/2022 തീയതിയിലെ DC 5- 13001/2021 നമ്പർ കത്ത്.
4. 21/03/2025 തീയതിയിലെ EU3/111/2022-LSGD നമ്പർ സർക്കാർ കത്ത്
5. ശ്രീ.ദേവസ്സി ടി.ആർ ബഹു:ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) നമ്പർ 45446/2025 ഹർജിയിലുള്ള 31/03/2026 തീയതിയിലുള്ള വിധിന്യായം.

**ഉത്തരവ്**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ വിരമിച്ച കണ്ടിജന്റ് ജീവനക്കാരനായ ശ്രീ. ദേവസ്സി ടി.ആർ ന് തൃശ്ശൂരിലുള്ള ദയ ജനറൽ ആശുപത്രി ആൻഡ് സ്പെഷ്യാലിറ്റി സർജിക്കൽ സെന്ററിൽ ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയക്ക് വിധേയനായതിനെ തുടർന്ന് സർക്കാർ മുൻപാകെ സമർപ്പിച്ച മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് തുകയായ ₹1,46,397.12 രൂപ (ഒരു ലക്ഷത്തി നാല്പത്തി ആറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ പന്ത്രണ്ട് പൈസ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരമുള്ള ശ്രീ. ദേവസ്സി ടി.ആർന്റെ അപേക്ഷ, പരാമർശം (2) പ്രകാരമുള്ള തൃശ്ശൂർ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് എന്നിവ പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം പരിശോധിക്കുകയും,എന്നാൽ 1960 ലെ KGSMA Rules, 1998 ലെ കേരള മുനിസിപ്പലിറ്റി (ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡൻസ്) ചട്ടങ്ങൾ, 12.06.2020 ലെ 34/2020/ധന നമ്പർ സർക്കുലർ ഇവ പ്രകാരം, പ്രസ്തുത ചികിത്സ നടത്തിയ ആശുപത്രി സർക്കാർ അംഗീകൃത ആശുപത്രി അല്ല എന്ന കാരണത്താൽ, പ്രതിപൂരണം ചെയ്ത് നൽകുവാൻ കഴിയില്ല എന്ന് പരാമർശം (4) നമ്പർ സർക്കാർ കത്ത് മുഖാന്തിരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിരുന്നു.

3.പ്രസ്തുത തീരുമാനത്തിനെതിരെ ശ്രീ. ദേവസ്സി ടി.ആർ ബഹു. ഹൈകോടതി മുൻപാകെ WP(C) നമ്പർ 45446/2025 ആയി കേസ് ഫയൽ ചെയ്യുകയും, ബഹു. ഹൈകോടതി പരാമർശം (5) പ്രകാരമുള്ള ഉത്തരവിലൂടെ , തൃശ്ശൂരിലുള്ള ദയ ജനറൽ ആശുപത്രി ആൻഡ് സ്പെഷ്യാലിറ്റി സർജിക്കൽ സെന്ററിൽ ലഭിച്ച അടിയന്തര ചികിത്സയ്ക്കായി ഹർജിക്കാരൻ ചെലവഴിച്ച ₹1,46,397.12 പൂർണ്ണമായും

ഒരു മാസത്തിനകം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന് പ്രതിവാദികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ വിരമിച്ച കണ്ടിജന്റ് ജീവനക്കാരനായ ശ്രീ. ദേവസ്സി ടി.ആർ ന് തൃശ്ശൂരിലുള്ള ദയ ജനറൽ ആശുപത്രി ആൻഡ് സ്പെഷ്യാലിറ്റി സർജിക്കൽ സെന്ററിൽ ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയക്ക് വിധേയനായതിനെ തുടർന്ന് സർക്കാർ മുൻപാകെ സമർപ്പിച്ച മെഡിക്കൽ റീഇമ്പേഴ്‌സ്മെന്റ് തുകയായ ₹1,46,397.12 രൂപ(ഒരു ലക്ഷത്തി നാല്പത്തി ആറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഏഴു രൂപ പന്ത്രണ്ട് പൈസ മാത്രം), തൃശ്ശൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് അപേക്ഷകന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (5) ലെ ബഹു:ഹൈക്കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

Sri.Devassy.T.R ,Thoppamparambil House, Aikyanagar, Kuriyachira, Kunnisseri P.O, Thrissur-680 301
അഡ്വക്കേറ്റ് ജനറൽ, കേരളം( ആമുഖ കത്ത് സഹിതം )
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് ,തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, തൃശ്ശൂർ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
സെക്ഷൻ ഓഫീസർ
Date: 02-06-2026 15:31:06